Unit:2

## നിലാവുപെയ്യുന്ന നാട്ടുവഴികൾ

Chapter:1

## കൊച്ചുചക്കരച്ചി

1. വൃക്ഷങ്ങളിൽ വച്ചു വൃക്ഷം മാവുതന്നെയാണെന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ? ഈ വിശേഷണങ്ങൾ എത്രമാത്രം ഉചിതമാണ്?
   - മാവ് പൂക്കുന്നതോടെ നാട്ടിൻപുറത്ത് ഉത്സവമാകുന്നു.മാമ്പൂവിന്റെ മൃദുലമായ പരിമളം അന്തരീക്ഷത്തിലെങ്ങും നിറയും.ഉണ്ണിമാങ്ങാപ്പരുവം മുതൽ പഴുത്തമാങ്ങവരെ ഏതുകാലത്തിലും മാങ്ങ ഭക്ഷ്യയോഗ്യമാണ്. കുട്ടികൾ മാഞ്ചോട്ടിൽ ഒത്തുചേരുന്നു.കവികൾക്ക് ഇഷ്ടപ്പെട്ട വൃക്ഷവും മാവുതന്നെ.
   - മാമ്പഴം പഴങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നു.നമ്മുടെ ദേശീയഫലവും മാങ്ങ തന്നെ. മാവില പൂജയ്ക്കും അലങ്കാരങ്ങൾക്കും പല്ലുതേയ്ക്കാനും ഉപയോഗിക്കുന്നു.മാവിലയിട്ടു തിളപ്പിച്ച വെള്ളം കുളിക്കാനായി ഉപയോഗിക്കാറുണ്ട്.മാമ്പൂത്തൈലം സവിശേഷഗുണങ്ങളുള്ളതാണ്.മാവിന്റെ അണ്ടിപ്പരിപ്പുപോലും ഔഷധമൂല്യമുള്ളതാണ്. കിളികൾക്കും പ്രിയപ്പെട്ട വൃക്ഷം മാവുതന്നെ.മാവ് ചതിക്കില്ല എന്നാണ് വിശ്വാസം. ഇത്തരത്തിൽ മനുഷ്യന്റെ ജീവിതത്തോടു ചേർന്നുനിൽക്കുന്ന മറ്റൊരു വൃക്ഷം ഇല്ലെന്നുതന്നെ പറയാം.

2. മരവും മനുഷ്യനും തമ്മിലുള്ള കെവലമായ ബന്ധമാണോ കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത്? പരിശോധിക്കുക
   - ഒരു കുടുംബാംഗത്തെപ്പോലെ അമ്മ മാവിനെ സ്നേഹിക്കുന്നു.മാവ് മുറിക്കാൻ തുനിയുമ്പോൾ അമ്മ തടയുന്നു.മാവ് ചതിക്കില്ലെന്ന് അമ്മ ഉറച്ചു വിശ്വസിക്കുന്നു.കൊച്ചുചക്കരച്ചിയോടുള്ള വിശ്വാസം കൊണ്ടാവാം കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്ത് പോയിരിക്കും.അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു.അതിനുശേഷവും കൊച്ചുചക്കരച്ചിയുടെ ഓർമ്മകളെ സ്നേഹിക്കുന്നു.
     മാവ് വീണ സ്ഥാനത്തു കിളിർത്തുവന്ന മാവിൻതൈയെ മകളെപ്പോലെ പരിഗണിക്കുന്നു.മരവും മനുഷ്യനും തമ്മിലുള്ള കേവലമായ ബന്ധമല്ല അമ്മയും കൊച്ചുചക്കരച്ചിയും തമ്മിലുണ്ടായിരുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം അതിൽകാണാം.

3. കൊച്ചുചക്കരച്ചിക്ക് മാനുഷികഭാവം നൽകിയിരിക്കുന്നതിലെ ഔചിത്യം വിശകലനം ചെയ്യുക
   - 'കുലശ്രേഷ്ഠ' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് ലേഖകൻ കൊച്ചുചക്കരച്ചിയെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്.'അധീശ്വരി','വൃദ്ധമുത്തശ്ശി' എന്നിങ്ങനെയും കൊച്ചുചക്കരച്ചിയെ വിശേഷിപ്പിച്ചിരിക്കുന്നു. മുത്തശ്ശിമാരുടെ സ്നേഹവും കരുതലും വാത്സല്യവും മാവിൽ കാണാം. മുത്തശ്ശിയെപ്പോലെ നിരവധി തലമുറകൾക്ക് സംരക്ഷണം നൽകിയവളാണ് കൊച്ചുചക്കരച്ചി. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നത്രേ. കുട്ടികളെപ്പോലെ അരുമത്തം നേടിയവളാണ് കൊച്ചുചക്കരച്ചി.
   - തന്റെ പടയാളികളായ നീറുകളാൽ മാവ് വിൽക്കാൻ ശ്രമിക്കുന്നത് അവൾ തടയുന്നു.മനുഷ്യനെപ്പോലെ അപകടഘട്ടത്തെ കൊച്ചുചക്കരച്ചി പ്രതിരോധിക്കുന്നു.മാവിന്റെ തടി ജീർണിച്ചു തുടങ്ങിയതിനെ 'അത്യാഹിതം' എന്നാണ് ലേഖകൻ വിശേഷിപ്പിക്കുന്നത്.കുടുംബത്തിലെ ഒരംഗത്തിന് മാരകരോഗം വന്നാൽ മറ്റുള്ളവരെ എങ്ങനെ ബാധിക്കുമോ അതുപോലെ കൊച്ചുചക്കരച്ചിയുടെ രോഗം മറ്റുള്ളവരെ വേദനിപ്പിക്കുന്നു.
   - പ്രതിസന്ധി ഘട്ടങ്ങളെ ഇച്ഛാശക്തിയാൽ മറികടക്കുന്ന മനുഷ്യനെപ്പോലെ ജീവച്ഛേദകരമായ രോഗം പിടിപെട്ടിട്ടും സ്വന്തം ഇച്ഛാശക്തിയാൽ അവൾ അതെല്ലാം മറികടക്കുന്നു.രോഗമുണ്ടെന്നു മനസ്സിലായിട്ടും അതു വകവെയ്ക്കാതെ തന്റെ കർത്തവ്യങ്ങൾ നിറവേറ്റുന്ന ഒരു

സാധാരണകുടുംബാംഗത്തെ ഇവിടെ കാണാം.

- നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവളാണ് കൊച്ചുചക്കരച്ചി.കൊച്ചുചക്കരച്ചിയുടെ തിങ്ങിനിറഞ്ഞ ഇലച്ചാർത്തുകളെ നിബിഡവും ശ്യാമളവുമായ തലമുടിയായി വിശേഷിപ്പിച്ചിരിക്കുന്നു. ഒരു ധനുമാസത്തിലെ കാറ്റിലും മഴയിലും മാവ് നിലംപതിക്കുന്നു.അകാലത്തിലുണ്ടായ ആ കാറ്റും മഴയും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടികൊണ്ടുപോകാൻ വന്നതാണത്രേ.ഇവിടെ മനുഷ്യനുണ്ടെന്നു കരുതുന്ന ആത്മാവ് കൊച്ചുചക്കരച്ചിയിൽ ആരോപിച്ചിരിക്കുന്നു.
- ഒടുവിൽ കൊച്ചുചക്കരച്ചി നിന്ന സ്ഥലത്തു കിളിർത്തുവന്ന മാവിൻതൈയെ കൊച്ചുചക്കരച്ചിയുടെ മകളായി കണക്കാക്കുന്നു.മാവ് ഇല്ലാതായ ശേഷവും അതിന്റെ ഓർമ്മകളെ സ്നേഹിക്കുന്നു. തുടക്കം മുതൽ അവസാനം വരെ കൊച്ചുചക്കരച്ചിയെ മാനുഷികഭാവത്തിൽ അവതരിപ്പിച്ചിരിക്കുന്നു. കൊച്ചുചക്കരച്ചിക്ക് കൈവരുന്ന മാനുഷികഭാവങ്ങളാണ് ഈ ഉപന്യാസത്തെ ഹൃദ്യമാക്കിതീർക്കുന്നത്.

4. എ.പി.ഉദയഭാനുവിന്റെ രചനാശൈലിയുടെ സവിശേഷതകൾ എന്തെല്ലാം? 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.
   - നർമ്മ സ്പർശമുള്ള നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവ് എന്ന നിലയിൽ പ്രശസ്തനാണ് എ.പി.ഉദയഭാനു.'കൊച്ചുചക്കരച്ചി' എന്ന രമ്യോപന്യാസത്തിൽ ജീവിതാനുഭവങ്ങളെ ആകർഷകവും ലളിതവുമായ ഭാഷയിൽ നർമ്മത്തിൽ പൊതിഞ്ഞ് അദ്ദേഹം അവതരിപ്പിക്കുന്നു.
   - 'രണ്ടു പേടകളാൽ അനുസേവ്യനായി നിൽക്കുന്ന മയിലിനെപ്പോലെ □.. കാണാൻ തടസ്സമുണ്ടാകുന്നു' എന്നിങ്ങനെ കാവ്യാത്മകമായ ധാരാളം പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ ലേഖനത്തിൽ കാണാം.
     അനുഭവസുഖം പകരുന്ന വർണ്ണനയാണ് ലേഖനത്തിലുള്ളത്.
   - 'പച്ചമാങ്ങാ അൽപം ഉപ്പുചേർത്ത് കറുമുറാ□...അണകൾ കോച്ചിപ്പോകും'ഇത്തരത്തിൽ ഗന്ധം, രുചി,സ്പർശം, കാഴ്ച തുടങ്ങിയവ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള വർണ്ണനകൾ ലേഖനത്തെ ആകർഷമാക്കുന്നു.
   - 'അണ്ണാൻപിറന്നാൾ മഹായജ്ഞം','കൊതിയ സമാജം','ഉണ്ണിയിടൽ','നാലുകെട്ട്','നെൽപ്പുര','കറ്റപ്പുര','തേങ്ങാക്കൂട്ട്' ഇത്തരത്തിലുള്ള ധാരാളം നാട്ടറിവുകളും ഗ്രാമീണപദങ്ങളും അദ്ദേഹത്തിന്റെ ലേഖനത്തിന്റെ സവിശേഷതയാണ്.
   - മാവിനെക്കുറിച്ചുള്ള അറിവുകൾ ലളിതമായി ആകർഷകമായ ഭാഷയിൽ അദ്ദേഹം വായനക്കാർക്ക് പകർന്നു നൽകുന്നു.മാവിന് കുടുംബത്തിലുള്ള സ്ഥാനവും കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുള്ള ബന്ധവും വളരെ ഹൃദ്യമായി ലേഖകൻ വിവരിച്ചിരിക്കുന്നു.കൊച്ചുചക്കരച്ചിക്കു നൽകിയ മാനുഷികഭാവം രചനയെ ആകർഷകമാക്കുന്നു. പുതുതലമുറയിൽ പ്രകൃത്യനുകൂല മനോഭാവം രൂപപ്പെടുത്താൻ സഹായിക്കുന്ന; പ്രകൃതിസംരക്ഷണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്ന ഉപന്യാസം ഒരു മുത്തശ്ശിക്കഥപോലെ ആസ്വാദ്യകരമായി വായനക്കാരന് അനുഭവപ്പെടുന്നത് അദ്ദേഹത്തിന്റെ രചനാവൈഭവം ഒന്നുകൊണ്ടു മാത്രമാണ്.

5. ''എത്രയോ തലമുറകൾ ആ വൃക്ഷമുത്തശ്ശിയുടെ കാൽചുവട്ടിലിരുന്നു.മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു''. മാവിനെ 'വൃക്ഷമുത്തശ്ശി' എന്നു പ്രയോഗിച്ചിരിക്കുന്നതിലെ ഔചിത്യം എന്താവാം?
   - മാവിന്റെ പ്രായവും പ്രായത്തിന്റെ ലക്ഷണങ്ങളും ഈ വാക്യത്തിൽ കാണാം. മുത്തശ്ശിമാരോടും മാവിനോടും പ്രത്യേക സ്നേഹമുള്ളവരാണ് കുട്ടികൾ. നിരവധി തലമുറകൾക്ക് സംരക്ഷണം നൽകിയ മാവിൽ ഒരു മുത്തശ്ശിയുടെ സ്നേഹവും കരുതലും വാത്സല്യവും കാണാൻ കഴിയും.

6. 'കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടപ്പുകൊണ്ട്

മറ്റൊരാകാശം സൃഷ്ടിച്ച്  മിന്നാമിനുങ്ങുകളെകൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നു'. ഇ വാക്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

- മാവിന്റെ മനോഹാരിത ഹൃദ്യമായി വർണിച്ചിരിക്കുന്നു.ഇലച്ചാർത്തുകളുടെ നിബിഡതയാലും മിന്നാമിനുങ്ങുകളുടെ പ്രകാശത്താലും ആകാശത്തിനു താഴെ മറ്റൊരാകാശം സൃഷ്ടിക്കുന്ന മാവ് കാണികൾക്ക് മറ്റൊരു ആകാശക്കാഴ്ച നൽകുന്നു.

*Prepared by*:

Asha.V.T
G.H.S.S. Anchal
East Kollam